"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഭവനനിർമ്മാണ വകുപ്പ്-ബജറ്റ് 2025-26- കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം- 'ഫിനിഷിംഗ് സ്കൂൾ' എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭവനനിർമ്മാണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.33/2025/HSG തീയതി,തിരുവനന്തപുരം, 19-07-2025

പരാമർശം:- 1. ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 12.05.2025-ലെ KESNIK/530/2024-OVSR2(TECH) നമ്പർ കത്ത്.

2. 11.04.2025-ലെ സ.ഉ. (അച്ചടി) നം. 48/2025/ധന.

3. 30.05.2025-ൽ ഭവന നിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

ഉത്തരവ്

സംസ്ഥാന സർക്കാരിന്റെ 2025-26 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ ലാറിബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 2216-80-101-98 എന്ന ശീർഷകത്തിൽ 300 ലക്ഷം രൂപ വകയിരുത്തുകയും അതിൽ 'ഫിനിഷിംഗ് സ്കൂൾ (നൈപുണ്യം മെച്ചപ്പെടുത്തുന്നതിനുള്ള ഫിനിഷിംഗ് സ്കൂൾ, സ്കൂൾ ഓഫ് ഡിസൈനും സ്കൂൾ ഓഫ് പ്രോജക്ട് മാനേജ്മെന്റ് ആന്റ് കൺസൾട്ടൻസി ഉൾപ്പെടെ) എന്ന പദ്ധതി ഉൾപ്പെടുത്തുകയും ചെയ്തിരുന്നു.

2. 2025-26 സാമ്പത്തിക വർഷത്തെ 'ഫിനിഷിംഗ് സ്കൂൾ'/Finishng School എന്ന പദ്ധതിയുടെ വിശദാംശങ്ങൾ പരാമർശം (1) പ്രകാരം സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർ ലഭ്യമാക്കുകയും ചുവടെപ്പറയുന്ന ഘടകങ്ങളോടെ ആകെ 50 ലക്ഷം രൂപയുടെ ഭരണാനുമതി നല്കണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി.

| ക്രമ നം. | ഘടകങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | Finishing School for Skill imporvement | 18 |
| 2 | School of Design | 21 |
| 3 | School of Project Management and Consultancy | 11 |
| | ആകെ | 50 |

3. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 2025-26 സാമ്പത്തിക വർഷത്തിലെ പദ്ധതി

പ്രൊപ്പോസലുകൾ 30.05.2025-ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച ചെയ്യുകയും DSoR-2018 പ്രകാരം സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റുകൾ DSoR-2021 പ്രകാരം റീ-എസ്റ്റിമേറ്റ് ചെയ്യണമെന്ന വ്യവസ്ഥയോടെയും പരാമർശം (2) ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായും പദ്ധതികൾക്ക് ഭരണാനുമതി നൽകുവാൻ പരാമർശം(3) പ്രകാരം തീരുമാനിക്കുകയും ചെയ്തു.

4. മേൽ സാഹചര്യത്തിൽ, 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 'ഫിനിഷിംഗ് സ്കൂൾ' എന്ന പദ്ധതി മേൽപ്പറഞ്ഞ ഘടകങ്ങളോടെ നടപ്പാക്കുന്നതിന് നിലവിലുള്ള പൊതുവ്യവസ്ഥകൾക്കും ചുവടെ ചേർക്കുന്ന നിബന്ധനകൾക്കും വിധേയമായി 50,00,000/- രൂപയിൽ (അമ്പതു ലക്ഷം രൂപ മാത്രം) നിജപ്പെടുത്തി ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ തുക 2025-26 സാമ്പത്തിക വർഷത്തെ 2216-80-101-98 എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.

i. DSoR-2018 പ്രകാരം സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റുകൾ DSoR-2021-ലേയ്ക്ക് റീ-എസ്റ്റിമേറ്റ് ചെയ്ത് പദ്ധതി നടപ്പിലാക്കേണ്ടതാണ്. 11.04.2025-ലെ സ.ഉ. (അച്ചടി) നം. 48/2025/ധന നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ കൃത്യമായും പാലിക്കേണ്ടതാണ്.

ii. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം പദ്ധതി നടപ്പിലാക്കുന്ന ഏജൻസിയായിരിക്കും. കൂടാതെ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ നിരീക്ഷണ സംവിധാനം ഉപയോഗപ്പെടുത്തേണ്ടതാണ്.

iii. നിർമ്മാണം, നവീകരണം, ആധുനികവത്കരണം എന്നിവ ആവശ്യമുള്ളിടത്ത് PRICE സോഫ്റ്റ് വെയർ ഉപയോഗിക്കണം.

iv. പദ്ധതിയുടെ കാലാവധി ഒരു വർഷമായിരിക്കും.

v. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട നിലവിലുള്ള ഉത്തരവുകളും നിയമപരമായ വ്യവസ്ഥകളും പാലിച്ച് എല്ലാ പ്രവർത്തനങ്ങളും സുതാര്യമായ രീതിയിൽ നടപ്പിലാക്കേണ്ടതാണ്.

vi. നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തേണ്ടതും ബജറ്റിൽ അനുവദിച്ച ശീർഷകത്തിൽ നിന്നും മാത്രം തുക കണ്ടെത്തേണ്ടതുമാണ്.

vii. ബജറ്റ് വിഹിതത്തിൽ നിന്നും ആവശ്യാനുസരണം മാത്രം തുക അനുവദിച്ച് നല്കുന്നതും, എന്നാൽ അനുവദിച്ച തുക ബാങ്കിൽ നിലനിർത്താൻ പാടില്ലാത്തതുമാണ്.

viii. സ്റ്റോർ പർച്ചേസ് നിയമങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

ix. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമെങ്കിൽ ടെണ്ടർ/ ഇ-ടെണ്ടർ നടപടി സ്വീകരിക്കേണ്ടതും നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും പാലിക്കേണ്ടതുമാണ്.

x. സിവിൽ വർക്കുകൾക്ക്, CPWD നിരക്കുകൾ ബാധകമാണ്.

xi. ആസ്തികൾ സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും ഈ പദ്ധതിയിൽ അനുവദനീയമല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ് പ്രവീൺ

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം
ഹൗസിംഗ് കമ്മീഷണർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 19-07-2025 11:34:15
സെക്ഷൻ ഓഫീസർ